പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6082

10/07/2012-ൽ മറുപടിക്ക്

## കോർപ്പറേഷനിൽ കൗൺസിലർമാരെ ആക്രമിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. മഞ്ഞളാംകുഴി അലി, (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | തിരുവനന്തപുരം നഗരസഭയിൽ സത്യാഗ്രഹം നടത്തിയ കൗൺസിലർമാരെ ജീവനക്കാർ കയ്യേറ്റം ചെയ്ത സംഭവത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ; | (എ) | അന്വേഷണം പൂർത്തിയായിട്ടില്ല |
| (ബി) | സംഭവത്തിൽ ഏതെങ്കിലും സംഘടനയിലെ അംഗങ്ങൾ നിയമം കയ്യിലെടുത്തതായി അറിവുണ്ടോ; | (ബി) യും (സി) യും | തിരുവനന്തപുരം കോർപ്പറേഷനിൽ സത്യാഗ്രഹം നടത്തിയ കൗൺസിലർമാരെ കോർപ്പറേഷനിലെ ചില ജീവനക്കാർ അന്യായമായി സംഘം ചേർന്ന് അക്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവുമായി ബന്ധപ്പെട്ട് 6 ജീവനക്കാരെ പ്രതികളായി ചേർത്ത് മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 609/2012 രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട 6 ജീവനക്കാർക്കെതിരെ വകുപ്പുതല നടപടിയും സ്വീകരിച്ചുവരുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ ക്രിമിനൽ നിയമപ്രകാരവും വകുപ്പുതലത്തിലും കർശന നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ